# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം
നമ്പർ: 7680

23.07.2012 -ലെ
മറുപടിക്ക്

## സുരക്ഷാ ജോലികൾക്ക് വിമുക്തഭടന്മാർക്ക് മുൻഗണന

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. രാധാകൃഷ്ണൻ | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| **(എ)** സംസ്ഥാന സിവിൽ സർവ്വീസ്, പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വയംഭരണ സ്ഥാപനങ്ങൾ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ സുരക്ഷാ ജോലികൾക്കായുള്ള നിയമനങ്ങളിൽ വിമുക്തഭടന്മാരെ ഒഴിവാക്കുന്നതായുള്ള പരാതി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | **(എ), (ബി), (സി) & (ഡി)**<br>സംസ്ഥാന സിവിൽ സർവ്വീസ്, പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വയംഭരണ സ്ഥാപനങ്ങൾ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ സുരക്ഷാ ജോലികൾക്കായി കരാർ അടിസ്ഥാനത്തിൽ സംസ്ഥാന വിമുക്തഭട വികസന പുനരധിവാസ കോർപ്പറേഷൻ മുഖേന മാത്രമേ നിയമനം നടത്താവൂ എന്ന ഉത്തരവ് നിലവിലുണ്ട്. |
| **(ബി)** എങ്കിൽ പ്രസ്തുത പരാതികൾ പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | |
| **(സി)** പ്രസ്തുത സ്ഥാപനങ്ങളിലെ സുരക്ഷാ ജോലികൾക്ക് നിർബന്ധമായും വിമുക്തഭടന്മാർക്ക് മുൻഗണന നൽകുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകുമോ; | |

| | |
|---|---|
| **(ഡി)** പ്രസ്തുത ഒഴിവുകൾ താൽക്കാലികമോ, ദിവസക്കൂലി അടിസ്ഥാനത്തിലോ ആണെങ്കിൽപ്പോലും വിമുക്തഭടന്മാർക്ക് മുൻഗണന നൽകുമോ; | |
| **(ഇ)** സുരക്ഷാ ജോലികൾക്കായുള്ള നിയമനങ്ങളിൽ വിമുക്തഭടന്മാർക്ക് നിയമനം ഉറപ്പു നൽകുന്ന തരത്തിൽ സർവ്വീസ് ചട്ടങ്ങളിൽ ഭേദഗതി വരുത്തുമോ? | **(ഇ)** സർക്കാരിന്റെ പരിഗണനയിലില്ല. |

**സെക്ഷൻ ഓഫീസർ**